**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3331 — 16/12/2015-ൽ മറുപടിയ്ക്ക്

## ജൈവ പച്ചക്കറി ഉൽപ്പാദന കൂട്ടായ്മകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളും, സംഘടനകളും വ്യക്തികളും, ജൈവ പച്ചക്കറി ഉൽപ്പാദന കൂട്ടായ്മകൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഏതൊക്കെ കൂട്ടായ്മകൾ പ്രശംസനീയമാംവിധം പ്രവർത്തിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | ബി) സംസ്ഥാനത്തെ പ്രമുഖ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും, സമുദായ സംഘടനകളുടെയും കൂട്ടായ്മകളും, റസിഡൻസ് അസോസിയേഷനുകൾ, എൻ.ജി.ഒ.കൾ, സ്വയം സഹായ സംഘങ്ങൾ കൂടാതെ സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം രൂപീകരിച്ച പച്ചക്കറി കർഷക ഗ്രൂപ്പുകളുടെ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ഡിസ്ട്രിക്റ്റ് ക്ലസ്റ്ററുകൾ തുടങ്ങിയവ പ്രശംസനീയമാം വിധം പ്രവർത്തിച്ച് വരുന്നു. |
| സി) ഇത്തരം കൂട്ടായ്മകൾക്ക് ഇതിനകം എന്തെല്ലാം സഹായങ്ങൾ നൽകി എന്നും എന്തെല്ലാം സഹായങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നെന്നും വിശദമാക്കുമോ? | സി) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനായി വിത്തുകളും, തൈകളും സൗജന്യമായി നൽകുകയും ബോധവൽക്കരണ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരികയും ചെയ്യുന്നു. |

കൂടാതെ പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകർക്ക് 1 ഹെക്ടറിന് 15,000/- രൂപ എന്ന നിരക്കിൽ സഹായധനം കൃഷി ഭവനുകൾ മുഖേന നല്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും ഇതേ നിരക്കിൽ ആനുകൂല്യം നല്കാൻ ഉദ്ദേശിക്കുന്നു.

വിവിധ സ്വയം സഹായ സംഘങ്ങൾക്കും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും സംഘടനകൾക്കും വ്യക്തികൾക്കും ജൈവപച്ചക്കറി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കാൻ പച്ചക്കറി വിത്തുകളും 'ജൈവപച്ചക്കറി കൃഷി സഹായി' എന്ന കൈ പുസ്തകവും ആവശ്യാനുസരണം സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പച്ചക്കറി പദ്ധതിയിൽ അനുവദിച്ചിട്ടുള്ള ഉൽപ്പാദനോപാധികളുടെ ലഭ്യതയനുസരിച്ച് വിതരണം നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ